**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3506** **11/12/2018 ൽ മറുപടിക്ക്**

**കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ബി.സത്യൻ:** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കൃഷിവകുപ്പിൽ കൃഷി ഓഫീസർമാരുടെ ആകെ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിട ക്കുകയാണെന്നും എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെ 1098 അംഗീകൃത തസ്തികകളാണ് ആകെ നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൃഷി ഓഫീസർമാരുടെ 120 ഒഴിവുകൾ ഉണ്ടായിരുന്നു. 5 വർഷമായി റാങ്ക് ലിസ്റ്റ് ഇല്ലായിരുന്നു. ഒഴിവുകൾ പി. എസ്. സി വഴി നികത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു. ഇതിനകം റാങ്ക് ലിസ്റ്റിൽ നിന്നും 385 ഒഴിവുകളിൽ പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടുണ്ട്. ഇതിൽ നിലവിൽ 28 തുറന്ന ഒഴിവുകളും പ്രസവാവധി, പഠനാവധി മുതലായവയിൽ 12 ഒഴിവുകളും നിലവിലുണ്ട്. ഇതിൽ ആകെ 31 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) കൃഷി ഓഫീസർമാരുടെ ഒഴിവുള്ള കൃഷി ഭവനുകളുടെ എണ്ണവും പേരും വ്യക്തമാക്കാമോ; | (ബി) ഒഴിവുള്ള കൃഷിഭവനുകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കാർഷിക-കാർഷികാനുബന്ധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്താത്തത് തടസമാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) ഇല്ല. ഒഴിവുള്ള കൃഷിഭവനുകളുടെ ചാർജ്ജ് തൊട്ടടുത്ത കൃഷി ഓഫീസറൻമാർക്ക് നൽകി പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | ജില്ല | ഒഴിവുള്ള കൃഷിഭവനുകളുടെ എണ്ണം | കൃഷിഭവന്റെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | പുളിമാത്ത് |
| 2 | കൊല്ലം | 1 | കിളികൊല്ലൂർ |
| 3 | പത്തനംതിട്ട | 2 | ചിറ്റാർ, മലയാലപ്പുഴ |
| 4 | ആലപ്പുഴ | 5 | പാണ്ടനാട്, വെളിയനാട്, പത്തിയൂർ, കെ.സി.പി.എം മങ്കൊമ്പ്, ദേവികുളങ്ങര |
| 5 | കോട്ടയം | 1 | തലയോലപ്പറമ്പ് |
| 6 | ഇടുക്കി | 2 | നെടുങ്കണ്ടം, ഡി.എ.എഫ്.അരിക്കുഴ |
| 7 | എറണാകുളം | 1 | കടുങ്ങല്ലൂർ |
| 8 | തൃശ്ശൂർ | 1 | വാടാനപ്പള്ളി |
| 9 | പാലക്കാട് | 1 | പെരുമാട്ടി |
| 10 | കോഴിക്കോട് | 3 | ഏറാമല, ആയഞ്ചേരി,നൊച്ചാട് |
| 11 | വയനാട് | 4 | മേപ്പാടി, നെന്മേനി, കണിയാമ്പറ്റ, വെള്ളമുണ്ട |
| 12 | കണ്ണൂർ | 3 | കീഴൂർ ചാവശ്ശേരി, ഉളിക്കൽ, കോട്ടയം മലബാർ |
| 13 | കാസർഗോഡ് | 3 | ചെമ്മനാട്, ചെങ്കള, ബെല്ലൂർ |
| | **ആകെ** | **28** | |

സെക്ഷൻ ഓഫീസർ